ഉത്തരം

(എ) പറായി ശശി, ദാസൻ, കെ. ടി. ജയകൃഷ്ണൻ, മനോജ്, വി. പി. പ്രകാശൻ, ബാലൻ, കൃഷ്ണൻ നായർ, കനകരാജ്, കുഞ്ഞിക്കണ്ണൻ, സജീവൻ എന്നീ 10 പേർ മരണമടഞ്ഞിട്ടുണ്ട്. 107 സി.പി.എം/ഡി.വൈ.എഫ്.ഐ. പ്രവർത്തകർക്കും 86 ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്.

(ബി-ഡി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ഇ) എല്ലാ രാഷ്ട്രീയ പാർട്ടികളും പങ്കെടുത്ത സമാധാന സമ്മേളനത്തിന്റെ അഭിപ്രായം കണക്കിലെടുത്ത് സ്വത്തുവകകൾ നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ധനസഹായം നൽകുന്നതിനുള്ള വിശദമായ പരിശോധനകൾ നടന്നു വരുന്നു.

(എഫ്) വധിക്കപ്പെട്ട സ്കൂൾ അദ്ധ്യാപകൻ ജയകൃഷ്ണന് രണ്ട് പേഴ്സണൽ സെക്യൂരിറ്റി ഓഫീസർമാരെ നിയോഗിച്ചിരുന്നു. വീഴ്ച വന്നതായി പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എ.പി. മൂന്നാം ബറ്റാലിയൻ ഹെഡ്ക്വാർട്ടേഴ്സ് പണി

63 (63) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.പി. മൂന്നാം ബറ്റാലിയൻ ഹെഡ്ക്വാർട്ടേഴ്സ് പണിയുന്നതിന് അടൂർ താലൂക്കിൽ ഏറത്ത് പഞ്ചായത്തിൽ ഭൂമി വാങ്ങിയത് ഏതുവർഷമാണ് ;

(ബി) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സിന്റെ പണിക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയ തീയതി വെളിപ്പെടുത്താമോ ;

(സി) ഈ പണിക്ക് ആദ്യമായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചത് എന്നാണ് ;

(ഡി) എത്ര തുക ആദ്യം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നു ;

(ഇ) പ്രസ്തുത ഹെഡ്ക്വാർട്ടേഴ്സിന്റെ പണിക്ക് എത്ര കോടി രൂപ ചെലവുവരും ; ഇവിടെ പണിയുന്ന വിവിധ കെട്ടിടങ്ങളുടെ വിശദവിവരം നൽകുമോ ;

(എഫ്) എന്നത്തേയ്ക്ക് ഇതിന്റെ പണി പൂർത്തിയാക്കും ?

ഉത്തരം

(എ) 1993-ലും 1986-ലുമാണ് പോലീസ് വകുപ്പ് ഭൂമി ഏറ്റെടുത്തത്.

(ബി) 4-5-1995-ൽ 6.78 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പിന്നീട് പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 10.28 കോടി രൂപയ്ക്ക് 24-2-1998 ലും ഭരണാനുമതി നൽകിയിട്ടുണ്ട്.

† അനുബന്ധം XX

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) 1997-98 വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയ 150 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ കെ.എ.പി. മൂന്നാം ബറ്റാലിയൻ ഹെഡ്ക്വാർട്ടേഴ്സ് പണിക്കുവേണ്ടി അനുവദിച്ചിരുന്നു.

(ഇ) മൊത്തം 10.28 കോടി രൂപയുടെ ചെലവുവരും. ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

1. അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്, ക്വാർട്ടർ ഗാർഡ്, ബറ്റാലിയൻ സ്റ്റോർ, ഗാർഡ് റൂം.
2. യൂണിറ്റ് 1 11 111 ബാരക്കുകൾ, ക്യാന്റീൻ, എം.ഐ. റൂം.
3. 4, 5, 6, 7, യൂണിറ്റ് ബാരക്കുകൾ, സഭാഹാൾ.
4. എ.പി.ഐ. ഫ്ളാറ്റ്, ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ്, ബാൻസ്റ്റാന്റ്.
5. പി.സി.എച്ച്.സി. യൂണിറ്റ് 1, 2, നഴ്സറി സ്കൂൾ.
6. ബി.എം.റ്റി ബംഗ്ലാവ്, ഡി.സി. ബംഗ്ലാവ്.
7. എസ്.ഐ. ഫ്ളാറ്റ് 1, 2, എം.റ്റി. ഗ്യാരേജ്.
8. ഇന്റേണൽ റോഡുകൾ, ജലവിതരണം, സീവേജ് സിസ്റ്റം.

(എഫ്) രണ്ടായിരം ആണ്ട് ജൂൺ മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കൊല്ലം ജില്ലയിലെ കോളേജുകളിലെ എസ്.എഫ്.ഐ. പ്രവർത്തനം

64 (64) ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചില കോളേജുകളിൽ എസ്.എഫ്.ഐ. മറ്റ് സംഘടനകളെ പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആക്ഷേപം ഉന്നയിച്ച് എ.ഐ.എസ്.എഫ് കൊല്ലം എസ്.എൻ. കോളേജിൽ 2000 ജനുവരി മാസത്തിൽ പ്രകടനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രകടനത്തെ എസ്.എഫ്.ഐ.ക്കാരും പോലീസും ചേർന്ന് മർദ്ദിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് ആരുടെയെങ്കിലും പേരിൽ കേസെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly